(ഡി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോടെക്നോളജി സാങ്കേതികവിദ്യയുടെ സഹായത്തോടെ ടിഷ്യൂകൾച്ചർ മുഖേന നല്ലയിനം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനായി ''ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചറൽ സെന്റർ'' എന്ന സ്ഥാപനം 2001 മുതൽ കൃഷി വകുപ്പിന്റെ കീഴിൽ കഴക്കൂട്ടത്ത് പ്രവർത്തിച്ചുവരുന്നു. മണ്ണിര കമ്പോസ്റ്റിന്റെ ഉൽപ്പാദനത്തിനായി 2004-05 സാമ്പത്തിക വർഷം തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലെ വീട്ടുവളപ്പുകളിൽ 5 ലക്ഷം രൂപയുടെ ഒരു പദ്ധതി ''നഗരത്തിൽ ഒരു നാട്ടിൻപുറം'' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

ബയോടെക്നോളജിയുടെ സഹായത്തോടെ സമഗ്രമായ മണ്ണ് സംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നില്ല.

ഈ സാമ്പത്തിക വർഷം ''ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ'' എന്ന പുതിയ പദ്ധതിയിലുൾപ്പെടുത്തി രണ്ട് മണ്ണ് സസ്യഹെൽത്ത് സെന്ററുകൾ ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലെ മണ്ണ് പരിശോധനാ ലബോറട്ടറികളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

കയർ ഫാക്ടറി തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ

166 [179] *ശ്രീ. തോമസ് ഐസക്:*
„ *ടി. കെ. ദേവകുമാർ:*
„ *കെ. പി. സതീശ് ചന്ദ്രൻ:*
„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഫാക്ടറി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കയർ തൊഴിലാളികളുടെയും ചെറുകിട കയർ ഉൽപ്പാദകരുടെയും സംയുക്താഭിമുഖ്യത്തിൽ 2005 മേയ് 3-ന് ആരംഭിച്ച സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം വ്യവസ്ഥകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(സി) കയർ ഫാക്ടറി തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ തലത്തിൽ യോഗം വിളിച്ച് പരിഹരിക്കുമെന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കയർ തൊഴിലാളികളും ചെറുകിട ഉൽപ്പാദകരും 3-5-2005 മുതൽ നടത്തിവന്ന സമരം ഒത്തുതീർപ്പിൽ എത്തിക്കുന്നതിനുവേണ്ടി 9-5-2005-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ, കൃഷി വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളുടെ പരിസമാപ്തിയിൽ എത്തിച്ചേർന്ന ഒത്തുതീർപ്പു വ്യവസ്ഥകൾ അനുബന്ധം 1 ആയി അടക്കം ചെയ്യുന്നു. †

(ബി) പത്തു ശതമാനം കൂലി വർദ്ധനവ് നൽകണമെന്നുള്ള തീരുമാനം നടപ്പിലാക്കിവരുന്നുണ്ട്. ചില സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് 10% കൂലി വർദ്ധനവ് നിഷേധിച്ചിരിക്കുകയാണ് എന്നുള്ള ഒരു പരാതി തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ വിവിധ കയർ ഫാക്ടറികളിലെ തൊഴിലാളികൾക്ക് നിശ്ചിത കൂലിയും ചെറുകിട കയർ ഉൽപ്പാദകർക്ക് ഉൽപ്പന്നങ്ങൾക്ക് നിശ്ചിത വിലയും ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് 24-5-2005-ൽ ലേബർ കമ്മീഷണർ ഒരു എൻഫോഴ്സ്മെന്റ് ആന്റ് മോണിറ്ററിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 20-5-2005-ൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) വിളിച്ചു ചേർത്ത അനുരഞ്ജന ചർച്ചയിൽ കാർത്തികപ്പള്ളി, ചേർത്തല, വൈക്കം താലൂക്കുകളിലെ കൂലി വർദ്ധനവ് സംബന്ധിച്ച തർക്കം ഒത്തു തീർപ്പായി. കാർത്തികപ്പള്ളി, ചേർത്തല, വൈക്കം താലൂക്കുകളിൽ കൂലി വർദ്ധനവ് നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 14-6-2005-ൽ ലേബർ കമ്മീഷണർ ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കയർ വ്യവസായ ബന്ധസമിതി പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം (PPES) പുനസ്ഥാപിക്കുന്നതിലേക്ക് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സഹകരണ മേഖലയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയും എം.ഡി.എ. (MDA) വിനിയോഗിക്കുന്ന വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരിസ്ഥിതി മലിനീകരണത്തിന്റെ ഭീഷണിയിൽ നിന്നും കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പ് അംഗീകാരം നൽകിയ ഐ.ഐ.യു.എസ്. പദ്ധതി പ്രകാരം നടപടി എടുക്കുവാൻ അതിന്റെ കമ്മിറ്റിയോടാവശ്യപ്പെട്ടിട്ടുണ്ട്. കയറുൽപ്പന്നങ്ങളുടെ ന്യായവില കയർബോർഡു ചെയർമാന്റെ നേതൃത്വത്തിലുള്ള കയർ റിലേഷൻസ് കമ്മിറ്റി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഡിപ്പോ സമ്പ്രദായം നിർത്തലാക്കണമെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ഡിസ്ട്രസ് പർച്ചേസ് പദ്ധതിയും, ചകിരി വാങ്ങി വിൽക്കുന്നതിന് കയർഫെഡിനും കയർ കോർപ്പറേഷനും ധനസഹായം നൽകിയിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപറഞ്ഞ ഒത്തുതീർപ്പു വ്യവസ്ഥയിൽ അങ്ങനെ ആവശ്യമെങ്കിൽ ഒരു യോഗം വിളിച്ചു കൂട്ടുന്നതാണ്.

(ഡി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നതിനായി 4-2-2005-ൽ മുഖ്യമന്ത്രിയുടെയും കൃഷി-കയർ വകുപ്പുമന്ത്രി, തൊഴിൽ മന്ത്രി, ടൂറിസം മന്ത്രി എന്നിവരുടെയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗം ചർച്ച ചെയ്തിരുന്നു. ചർച്ചയിൽ തീരുമാനമായ, തൊണ്ടു സംഭരണം, എം. ഇ. പി., പി. പി. ഇ. എസ്. എന്നിവ പുനസ്ഥാപിക്കുന്നതിനുള്ള തീരുമാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നീ കാര്യങ്ങളിൽ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് 5 മാസത്തെ പെൻഷൻ കുടിശ്ശിക നൽകി. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിക്ക് ചട്ടങ്ങൾ ആവിഷ്ക്കരിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. പുനരുദ്ധരിക്കാവുന്ന 131 സംഘങ്ങൾക്ക് 1.35 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു. മറ്റു ശുപാർശകളിൻമേലും നടപടി സ്വീകരിച്ചുവരുന്നു.

നെൽകൃഷി നയം

167 [180] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉൽപാദനം കൂട്ടുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനും പര്യാപ്തമായ നിലയിൽ ഒരു നെൽകൃഷി നയം രൂപീകരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വിള ഇൻഷ്വറൻസ്, വളം സബ്സിഡി, പമ്പിംഗ് സബ്സിഡി എന്നിവ ഉദാരമായി നൽകുവാൻ അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) വിളവെടുക്കുവാനും, സംസ്ക്കരിക്കുവാനും, കർഷകത്തൊഴിലാളികളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ "കംബൈൻഡ് ഹാർവെസ്റ്റ് മെഷീൻ" കൃഷിഭവൻ മുഖേന വാടകയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനം ആവിഷ്കരിക്കുമോ?

ഉത്തരം

(എ) നെൽകൃഷിക്കായി പ്രത്യേക നയം രൂപീകരിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly